(സി) ഏതെല്ലാം ജില്ലകളിൽ എന്തെല്ലാം നടപടികളാണ് ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2004 ഏപ്രിൽ മാസം 5 മുതൽ ആരംഭിച്ചു.

(ബി) സംസ്ഥാനത്തെ മൂന്ന് ജില്ലകളിൽ (കൊല്ലം, തിരുവനന്തപുരം, പത്തനംതിട്ട) ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 30.23 ലക്ഷം രൂപ കേന്ദ്ര സഹായം ഇതിനകം ലഭിച്ചിട്ടുണ്ട്. കുത്തിവയ്പിനുള്ള വാക്സിൻ കേന്ദ്രഗവൺമെന്റ് സൗജന്യമായി നൽകിയിട്ടുണ്ട്.

(സി) കൊല്ലം, തിരുവനന്തപുരം, പത്തനംതിട്ട എന്നീ മൂന്നു ജില്ലകളെയാണ് ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(1) പശു, എരുമ, ആട്, പന്നി എന്നീ നാല്ക്കാലികൾക്ക് പ്രതിരോധമരുന്ന് കുത്തിവയ്ക്കുക.

(2) കുത്തിവയ്ച്ച കന്നുകാലി ഉടമകൾക്ക് വാക്സിനേഷൻ കാർഡ് കൊടുക്കുക.

(3) പ്രതിരോധം ഉറപ്പുവരുത്തുവാനായി രക്തസാമ്പിളുകൾ ശേഖരിച്ച് പരീക്ഷണശാലയിൽ പരിശോധിക്കുക.

(4) കർഷകർക്കാവശ്യമായ വിവരം യഥാസമയം നൽകുക എന്നീ പരിപാടികളാണ് നടപ്പിലാക്കുന്നത്.

കയർ ഗവേഷണത്തിന് അന്താരാഷ്ട്ര നിലവാരമുള്ള സ്ഥാപനം

97 [2964] ശ്രീ. ലൂഡി ലൂയിസ്:

„ എ. സുജനപാൽ:

„ എം. എ. ചന്ദ്രശേഖരൻ:

„ എൻ. ശക്തൻ:

„ ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഗവേഷണത്തിന് അന്താരാഷ്ട്ര നിലവാരമുള്ള സ്ഥാപനത്തിന് രൂപം കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിനുള്ള പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഈ സ്ഥാപനത്തിന് കേന്ദ്ര ഗവൺമെന്റ് സഹായം ലഭിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിന്റെ ടേംസ് ഓഫ് റഫറൻസ് പൂർത്തിയാക്കി. വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഏജൻസിയെ തീരുമാനിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(സി) കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

"കയറിനും കയറുൽപ്പന്നങ്ങൾക്കും വിദേശ വിപണി"

98 [2965] ശ്രീമതി രാധാരാഘവൻ:
ശ്രീ. ഇ. എം. അഗസ്തി:
" എ. പി. അനിൽകുമാർ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുൽപ്പാദിക്കുന്ന കയറിനും കയർ ഉൽപ്പന്നങ്ങൾക്കും വിദേശത്ത് ഇപ്പോൾ നല്ല ഡിമാന്റ് ഉണ്ടോ;

(ബി) ഏതെല്ലാം വിദേശ രാജ്യങ്ങളിലേയ്ക്കാണ് കയറും കയർ ഉൽപ്പന്നങ്ങളും കയറ്റി അയയ്ക്കുന്നത്;

(സി) കഴിഞ്ഞ രണ്ട് വർഷക്കാലമായി ഈ ഉൽപ്പന്നങ്ങളുടെ കയറ്റുമതി എത്ര കണ്ടു വർദ്ധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അമേരിക്ക, ജർമനി, ഇംഗ്ലണ്ട്, ഫ്രാൻസ്, നെതർലാൻഡ്, ഇറ്റലി, ബെൽജിയം, സ്പെയിൻ, ആസ്ട്രേലിയ എന്നിവിടങ്ങളിലാണ് പ്രധാനമായും കയറും കയറുൽപ്പന്നങ്ങളും കയറ്റി അയയ്ക്കുന്നത്.

(സി) അഖിലേന്ത്യാ തലത്തിൽ കഴിഞ്ഞ മൂന്നു വർഷത്തെ കയറ്റുമതിയുടെ വിവരം ചുവടെ ചേർക്കുന്നു.

2001-2002	..	320.58	കോടി രൂപ
2002-2003	..	352.70	,,
2003-2004	..	407.05	,,

അഖിലേന്ത്യാ തലത്തിൽ വർദ്ധനവ് 2002-2003-ൽ 32.12 കോടി രൂപയും 2003-2004-ൽ 54.35 കോടി രൂപയുമാണ്. കേരളത്തിലെ കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ 2001-2002 വർഷത്തിൽ 68 ലക്ഷം രൂപയുടെയും 2002-2003 വർഷത്തിൽ 25.45 കോടി രൂപയുടെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly